പരിസ്ഥിതിക്കും പരിസരമലിനീകരണത്തിനും പരിഹാരം കണ്ടെത്തണമെന്ന് പല വ്യവസായ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ എച്ച്.ഐ.എൽ.-ന്റെ പ്രവർത്തനം 5 വർഷത്തേക്ക് നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ നടന്നുകഴിഞ്ഞു. കമ്പനികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി അവർ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. സാജുപോൾ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മുമ്പ് കൊടുത്ത ചോദ്യത്തിനു മറുപടിയിൽ കറക്ഷൻ ഉണ്ടെന്ന് പറഞ്ഞു. യഥാർത്ഥ നിക്ഷേപം എത്രയാണെന്നു വെളിപ്പെടുത്താൻ കഴിയുമോ? തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അവിടെ നിരവധി സ്ഥാപനങ്ങളിൽ സേവ് എഫ്.എ.സി.ടി., സേവ് ഷിപ്പ്യാർഡ് തുടങ്ങി അനേകം പ്രസ്ഥാനങ്ങളും എല്ലാവരുടേയും യോജിച്ച വേദി എന്ന നിലക്ക് പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ എം.പി.-മാരും എം.എൽ.എ.-മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ട്രേഡ് യൂണിയൻ നേതാക്കൻമാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സമുന്നത സാരഥികളും ഉൾപ്പെടെ വിപുലമായ ചർച്ച നടത്തി ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഗൗരവമായി കൊണ്ടുവരാൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.പി.-മാർ, എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. കറക്ഷൻ സ്റ്റേറ്റ്മെന്റ് കൊടുത്തതിനുശേഷമേ ഉത്തരത്തിന്റെ കാര്യം വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(2) നാണ്യവിളകളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കൽ

ശ്രീ. ഇ. എം. അഗസ്തി: സർ, നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനേ കേന്ദ്രഗവൺമെന്റ് പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കണമെന്ന ആവശ്യകതയാണ് ഞാൻ ഈ കാളിംഗ് അറൻഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമുക്ക് ഏവർക്കും അറിയാവുന്നതുപോലെ കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടന നിലനിൽക്കുന്നത് നാണ്യവിളകളെ ആശ്രയിച്ചാണ്. നമ്മുടെ പ്രധാന നാണ്യവിളകളായ തേയില, കാപ്പി, ഏലം, കുരുമുളക്, വാനില എന്നിവയെല്ലാം ആഭ്യന്തര വിപണിയിൽ ഉപയോഗക്കുറവുള്ളതും വിദേശ വിപണിയെ ആശ്രയിച്ച് നിലനിൽക്കുന്നതുമാണ്. എക്സ്പോർട്ട് ഓറിയൻറഡ് പ്രൊഡക്ട്സാണ് കേരളത്തിന്റെ സമ്പദ്ഘടന നിലനിർത്തുന്നത്. കയറ്റുമതിയുടെ നയങ്ങൾ രൂപീകരിക്കുന്നതിലും സമ്പദ്ഘടനയെ നിലനിർത്തുന്നതിലും സംസ്ഥാന ഗവൺമെന്റിന് ഇപ്പോൾ കാര്യമായ പങ്കില്ല. വിദേശ വ്യാപാരം പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷവും അന്തർദേശീയ രംഗത്ത് ഉണ്ടായിരിക്കുന്ന നേട്ടങ്ങൾക്കുശേഷവും പ്രത്യേകിച്ച് ഉദാരവൽക്കരണവും ഗ്ലോബലൈസേഷനും നടപ്പിലാക്കിയതിനുശേഷവും നമ്മുടെ ഉല്പന്നങ്ങൾക്ക് അന്തർദേശീയ രംഗത്ത് മൽസരിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആദരണീ

LIBRARY ARCHIVES Kerala Legislative Assembly

യനായ രാഷ്ട്രപതി ഈ സഭയിൽ നടത്തിയ പ്രസംഗം നമ്മുടെ എല്ലാവരുടേയും മുമ്പിലുണ്ട്. അദ്ദേഹത്തിന്റെ വാക്യങ്ങളും നമ്മളും ഈ സഭയിൽ എല്ലാവരും കേട്ടിരുന്നതാണ്. Kerala has been traditionally producing rubber, tea, coffee, spices, coconut and fruits for several years. But over the years many other countries are also producing these commodities and intense competition is being faced by the growers. There is a need to induct technology and innovation to have continuous growth in productivity. രാഷ്ട്രപതി ഈ സഭയിൽ പറഞ്ഞതുപോലെ, intense competition is being faced by the growers. അന്തർദ്ദേശീയ നിലവാരത്തിനു ഒത്തുനിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ നമ്മുടെ ഉല്പന്നങ്ങളും അന്തർദ്ദേശീയ മാർക്കറ്റിൽനിന്നു പിന്തള്ളപ്പെടുന്നുയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതിനുശേഷം ഉണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിയാണ് സത്യത്തിൽ കേരളത്തിലെ കാർഷിക മേഖല ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അടുത്തകാലത്തായി യു. പി. എ. ഗവൺമെന്റ് ചില പാക്കേജുകളും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രത്യേകിച്ച് തേയില, കുരുമുളക്, കാപ്പി എന്നിവയ്ക്കൊക്കെ ചില പാക്കേജുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജുകളും മുഖ്യമായും കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ്. കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനു പാക്കേജുകളും നടപ്പിലാക്കുന്നതിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനു കാര്യമായ പങ്കില്ല. കാരണം കേരളത്തിൽ വാണിജ്യവകുപ്പ് എന്നൊരു സ്പില്ല. വാണിജ്യത്തെ പ്രോത്സാഹിപ്പിക്കുന്ന വകുപ്പുകളും ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കേരള സമ്പദ്ഘടനയിലെ ഏറ്റവും പ്രധാനപ്പെട്ട ഈ കാര്യം കൈകാര്യം ചെയ്യുന്നത് കൃഷിയുമായി ബന്ധപ്പെടുത്തിയാണ്; കേന്ദ്രത്തിൽ കൃഷിയും കോമേഴ്സും രണ്ടും പ്രധാനപ്പെട്ട വകുപ്പുകളാണ്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഉല്പന്നമായ കാർഷികത്തിന്റെ റിസർച്ചും ഡെവലപ്പ്മെന്റും മാർക്കറ്റിംഗും നിയന്ത്രിക്കുന്ന സ്പൈസസ് ബോർഡ് കേന്ദ്രത്തിൽ കോമേഴ്സ് വകുപ്പിന്റെ കീഴിലാണ്. കേരളത്തിൽ ഒരു ഏകീകരണമില്ലാത്തതിന്റെ പേരിൽ നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുന്ന കയറ്റുമതി പ്രോത്സാഹന പദ്ധതിയുടെ പ്രയോജനം സമയാസമയങ്ങളിൽ കേരളത്തിനു ലഭ്യമല്ലാതെ പോകുന്നു എന്നതാണ്. ഇത് ഉന്നതതലത്തിലെ ഭരണപരമായ തീരുമാനങ്ങളും കൊണ്ട് മാത്രമേ പരിഹരിക്കാൻ കഴിയൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യമുണ്ട്. കേന്ദ്ര ഗവൺമെന്റ് കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഫ്രീ എക്കണോമിക് സോൺ പ്രഖ്യാപിച്ചിട്ടുണ്ട്. 17 സംസ്ഥാനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അതിൽ ഒന്നു കൊച്ചിയാണ്. കയറ്റുമതി വികസനത്തിനു എല്ലാ സാധ്യതകളുമുള്ള കേരളത്തിൽ ഇത്രയേറെ നാണ്യവിളകളും ഉല്പാദിപ്പിക്കുന്ന ഈ സംസ്ഥാനത്ത് ഫ്രീ എക്കണോമിക് സോണിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുന്നതിനു നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ മേഖലയിൽ പ്രത്യേക താല്പര്യമെടുക്കണം. ഏറ്റവും അവസാനമായി കണ്ട ഒരു കാര്യം കേന്ദ്രഗവൺമെന്റ് കുരുമുളക് കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചതാണ്. സംസ്ഥാനത്തെ കുരുമുളക് കൃഷിക്കാർക്ക് ഏറ്റവും കുറഞ്ഞ വില ലഭിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി മാർക്കറ്റിംഗ് ഫെഡറേഷനെ ഇടപെടുവിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പദ്ധതി പ്രഖ്യാപിച്ചു. 75 രൂപയ്ക്ക് കുരുമുളക് ആഭ്യന്തര വിപണിയിൽനിന്നു?

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിക്കാൻ തീരുമാനിച്ചു. വാങ്ങിയ കുരുമുളക് എവിടെ വിൽക്കണമെന്നറിയാതെ മാർക്കറ്റിംഗ് ഫെഡറേഷൻ വിഷമിച്ചു നിൽക്കുകയാണ്. ആഭ്യന്തര വിപണിയിൽതന്നെ വിൽക്കാതെ മാർക്കറ്റിംഗ് ഫെഡറേഷന് വിൽക്കാൻ പറ്റില്ല. അതുമൂലം മാർക്കറ്റിംഗ് ഫെഡറേഷനു 18 കോടിയോളം രൂപ നഷ്ടം ഉണ്ടാകും. 18 കോടി രൂപ നഷ്ടം ഉണ്ടായാൽ മാർക്കറ്റിംഗ് ഫെഡറേഷൻതന്നെ സ്തംഭനത്തിലാകും എന്നതാണ് യാഥാർത്ഥ്യം. ഇതേ സാഹചര്യത്തെയാണ് കേന്ദ്രഗവൺമെന്റ് പാക്കേജ് പ്രഖ്യാപിച്ചതും. പാക്കേജ് കയറ്റുമതിയെ പ്രോത്സാഹിപ്പിക്കാൻവേണ്ടി മാത്രമാണ്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുവരെ ആഭ്യന്തര വിപണിയിൽ സംഭരിച്ച കുരുമുളക് കേരളത്തിൽ വിൽക്കാൻ പറ്റില്ല എന്ന തീരുമാനം നയപരമായി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് കേരള ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഞാൻ ഉദാഹരണം ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഇതാണ് കയറ്റുമതിയെ സംബന്ധിച്ചുള്ള പൊതു പ്രശ്നം. നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ എന്ന നിലയിൽ ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹം നേരിട്ട് കാര്യങ്ങളിൽ ബന്ധപ്പെടത്തക്ക നിലയിൽ ഒരു ഉന്നത അധികാര സമിതി രൂപീകരിക്കാൻ തയ്യാറാകുകയോ ചെയ്യണമെന്ന കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ടൂറിസവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിപാടികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുക്കുന്നതുകൊണ്ട് മുഖ്യമന്ത്രിയുടെ മറുപടി മാറിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ ശ്രീ. ഇ. എം. അഗസ്തിയോട് ഇക്കാര്യം നേരത്തെ സംസാരിച്ചിട്ടുണ്ട്.

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ തർക്കത്തിനില്ല. എനിക്ക് ഒരു ആവശ്യം നഷ്ടപ്പെടുകയാണ്. പ്രധാനപ്പെട്ട ഒരു കാര്യത്തിനു ഗവൺമെന്റിൽനിന്നു ഉത്തരം കിട്ടാനുണ്ടായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലാത്തതുകൊണ്ട് എനിക്ക് അങ്ങനെ ഉത്തരം കിട്ടാനുള്ള അവസരം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആഭ്യന്തര വിപണിയിൽ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി സംഭരിച്ച കുരുമുളക് കയറ്റുമതി ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ഞാൻ ഒന്നുകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അനുകൂലമായ മറുപടി ഞാൻ മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുകയാണ്.

(മറുപടി അടുത്ത ദിവസത്തേക്ക് മാറിവച്ചു.)

II. സബ്മിഷൻ

(1) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കണമെന്നും അദ്ധ്യാപക–അനദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്നുമുള്ള ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു പോളിടെക്നിക് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് അഞ്ചാറു വർഷമായി. ആ പോളിടെക്നിക്കിന്റെ അംഗീകാരം ഏകദേശം നഷ്ടപ്പെടുന്ന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. എ.ഐ.സി.ടി.ഇ.യുടെ നോംസ്

LIBRARY ARCHIVES Kerala Legislative Assembly